**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 160** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>സർക്കാർ ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. നജീബ് കാന്തപുരം

ശ്രീ. പി. കെ. ഫിറോസ്

ശ്രീ. പി .എം. എ. സമീർ

ശ്രീ. ഫൈസൽ ബാബു

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സർക്കാർ ആശുപത്രികളിലെ പരിമിതമായ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

**<u>മറുപടി:</u>** സർക്കാർ ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ട്. മെഡിക്കൽ കോളേജുകൾപ്പെടെയുള്ള ആരോഗ്യസ്ഥാപനങ്ങളിലെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെട്ടതാണെങ്കിലും ദിനംപ്രതി ചികിത്സ തേടി എത്തുന്ന രോഗികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ആണ് ഉണ്ടായിട്ടുള്ളത്. ഇത്തരത്തിൽ രോഗികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ആനുപാതികമായി ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതലുള്ള ആരോഗ്യ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിന് നടപടികളും സ്വീകരിച്ച് വരുകയാണ്. ഓരോ ജില്ലകളിലും ഒരു ജില്ലാതല ആശുപത്രിയും ഓരോ താലൂക്കുകളിൽ ഒരു താലൂക്ക് ആശുപത്രിയും ബ്ലോക്ക് പഞ്ചായത്തുകളിൽ ഒരു ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രവും ഓരോ ഗ്രാമപഞ്ചായത്തുകളിൽ ഒരു കുടുംബാരോഗ്യ കേന്ദ്രവും വേണമെന്ന് നിഷ്കർഷിക്കുകയും ഇതിനായി Standardization ഓരോ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ Guidelines സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതനുസരിച്ച് പ്രസ്തുത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്രാനുമതി കൂടി ലഭ്യമാക്കി NHM മുഖേനയും നടപടികൾ നടത്തി വരുന്നു. ചികിത്സ സേവനങ്ങളുടെ ഗുണനിലവാരം, രോഗീസുരക്ഷ എന്നിവ ഉറപ്പാക്കാൻ NQA, ലക്ഷ്യ, മുസ്കാൻ, കായകല്പം, ആർദ്ര കേരളം തുടങ്ങിയ സർട്ടിഫിക്കേഷൻ പദ്ധതികളും നടപ്പിലാക്കി വരുന്നു. പൊതുജനങ്ങൾ ഏറ്റവും കൂടുതൽ സന്ദർശിക്കുന്നത് ആശുപത്രികളിലെ ഒ പി വിഭാഗത്തിലാണ്. ആയതിനാൽ ആരോഗ്യ സ്ഥാപനങ്ങളിലെ ഒ പി വിഭാഗം കൂടുതൽ രോഗി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിനായി ഡോക്ടർമാരുടെയും ആരോഗ്യ പ്രവർത്തകരുടെയും അടക്കമുള്ള ജീവനക്കാരുടെയും തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിച്ചു വരുന്നു. എന്നിരുന്നാലും നിലവിൽ ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിച്ച് പൊതുജനങ്ങൾക്ക് മികച്ച ചികിത്സ നൽകി വരുന്നുണ്ട്

**(ബി)** രോഗികളെ തറയിൽ കിടത്തി ചികിത്സിക്കേണ്ടി വരുന്നത് ഒഴിവാക്കുന്നതിനായി കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** രോഗികളെ തറയിൽ കിടത്തി ചികിത്സിക്കേണ്ടി വരുന്നത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.വാർഡുകളിലെ രോഗികളുടെ തിരക്ക് ഒഴിവാക്കുന്നതിനും ഒരാൾക്ക് ഒരു കിടക്ക എന്ന രീതി ഉറപ്പാക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് ആവശ്യാനുസരണം ബെഡുകൾ പുനക്രമീകരിച്ച് നടപ്പാക്കുന്നുണ്ട്. ഒരു ചികിത്സാ വിഭാഗത്തിൽ ബെഡ് തികയാതെ വന്നാൽ ഒഴിവുള്ള മറ്റു വിഭാഗത്തിലെ ബെഡിലേയ്ക്ക് രോഗിയെ മാറ്റി ബെഡ് ഉറപ്പാക്കുന്നുണ്ട്.

**(സി)** എല്ലാ സർക്കാർ ആശുപത്രികളിലും ആവശ്യമായ മരുന്നും, ഉപകരണങ്ങളും ലഭ്യമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

**<u>മറുപടി:</u>** ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന മരുന്നുകളുടെയും ഉപകരണങ്ങളുടെയും പ്രൊപ്പോസൽ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും പരിശോധിച്ച് കെ. എം. എസ് സി. എൽ. -ന് നൽകുകയും, കെ.എം.എസ്.സി.എൽ. അവ വാങ്ങി സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് നൽകുകയും ചെയ്തുവരുന്നു. സ്റ്റോക്ക് ലഭ്യത കുറവ് മൂലം കെ.എം.എസ്.സി.എൽ മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയ ശേഷം അതാത് ആശുപത്രികളിലെ സൂപ്രണ്ടിന്റെ അധികാര പരിധിക്കുള്ളിൽ നിന്നു കൊണ്ട് ലോക്കൽ പർച്ചേസ് വഴിയും ഇതിനു പുറമേ കാസ്പ്, RSBY, JSSK, Tribal Fund, HDS Fund എന്നിവ വഴിയും മരുന്നുകൾ ലഭ്യമാക്കാറുണ്ട്.

**സെക്ഷൻ ഓഫീസർ**